**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2653** **13-02-2024 - ൽ മറുപടിയ്ക്ക്**

**ലോട്ടറി സമ്മാനത്തുകയിൽ നിന്നുള്ള ടി.ഡി.എസ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഒരു വർഷം ലോട്ടറി സമ്മാനമായി പതിനായിരം രൂപയിൽ കൂടുതൽ ലഭിക്കുന്നവരിൽ നിന്ന് മുപ്പത് ശതമാനം ടി.ഡി.എസ്. പിരിക്കണമെന്ന കേന്ദ്ര നിയമത്തിലെ സെക്ഷൻ 194(ബി) സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സമ്മാന വിതരണ സോഫ്റ്റ്‌വെയർ പ്രസ്തുത നിയമ ഭേദഗതിക്ക് അനുസൃതമായി പരിഷ്കരിക്കുകയും സമ്മാനാർഹർ സമ്മാന ടിക്കറ്റുകൾ ലോട്ടറി ഓഫീസിൽ ഹാജരാക്കുമ്പോൾ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്; |
| (ബി) | 01-04-2023 മുതൽ 31-10-2023 വരെ പ്രസ്തുത നികുതി പിരിച്ചിട്ടില്ല എന്നതിന്റെ പേരിൽ സംസ്ഥാനത്തെ ജില്ലാ ലോട്ടറി ഓഫീസർമാർ, താലൂക്ക് ലോട്ടറി ഓഫീസർമാർ എന്നിവർക്ക് ഇൻകം ടാക്സ് വകുപ്പിന്റെ നോട്ടീസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നോട്ടീസ് പ്രകാരം ഓരോ ഓഫീസർക്കും എത്ര രൂപയുടെ നികുതി കുടിശികയുടെ നോട്ടീസാണ് ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | സമ്മാനത്തുക റീ-ഇമ്പേഴ്സ്മെന്റുമായി ബന്ധപ്പെട്ട വിഷയത്തിൽ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിരുന്നു. ഓരോ ഓഫീസിലും ലഭിച്ച നോട്ടീസിലെ തുക അനുബന്ധമായി ചേർക്കുന്നു; |
| (സി) | ഇത്തരത്തിൽ നികുതി ഈടാക്കുന്നത് സംസ്ഥാന ലോട്ടറിയുടെ വില്പനയെയും ചെറുകിട ലോട്ടറി കച്ചവടക്കാരെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നിയമ ഭേദഗതി ഒഴിവാക്കിക്കിട്ടുന്നതിനു സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (സി) | ഇത്തരത്തിൽ നികുതി ഈടാക്കുന്നത് സംസ്ഥാന ലോട്ടറി വില്പനയെ ദോഷകരമായി ബാധിച്ചതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ ബാധിക്കുന്ന പക്ഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ. നം. | ഓഫീസിന്റെ പേര് | നോട്ടീസിൽ കാണിച്ചിട്ടുള്ള തുക (രൂപയിൽ) |
|---|---|---|
| 1 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, തിരുവനന്തപുരം | 67,74,32,700 |
| 2 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കൊല്ലം | 82,61,64,510 |
| 3 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, പത്തനംതിട്ട | 27,29,74,275 |
| 4 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, ആലപ്പുഴ | 52,35,65,460 |
| 5 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കോട്ടയം | 86,58,05,017 |
| 6 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, ഇടുക്കി | 25,66,15,710 |
| 7 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, എറണാകുളം | 73,99,49,655 |
| 8 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, തൃശ്ശൂർ | 64,16,60,205 |
| 9 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, മലപ്പുറം | 37,05,97,500 |
| 10 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, പാലക്കാട് | 62,71,45,290 |
| 11 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കോഴിക്കോട് | 31,55,17,500 |
| 12 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കണ്ണൂർ | 46,58,59,530 |
| 13 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, വയനാട് | 34,39,79,340 |
| 14 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കാസറഗോഡ് | 21,78,930 |
| 15 | ഭാഗ്യക്കുറി സബ് ഓഫീസ്, നെയ്യാറ്റിൻകര | 43,72,73,115 |
| 16 | ഭാഗ്യക്കുറി സബ് ഓഫീസ്, ആറ്റിങ്ങൽ | 58,93,96,230 |
| 17 | ഭാഗ്യക്കുറി സബ് ഓഫീസ്, പുനലൂർ | 28,19,07,795 |
| 18 | ഭാഗ്യക്കുറി സബ് ഓഫീസ്, കരുനാഗപ്പള്ളി | 24,87,08,580 |
| 19 | ഭാഗ്യക്കുറി സബ് ഓഫീസ്, അടൂർ | 21,54,01,920 |
| 20 | ഭാഗ്യക്കുറി സബ് ഓഫീസ്, ചേർത്തല | 26,83,16,100 |
| 21 | ഭാഗ്യക്കുറി സബ് ഓഫീസ്, കായംകുളം | 29,63,57,025 |
| 22 | ഭാഗ്യക്കുറി സബ് ഓഫീസ്, വൈക്കം | 30,52,32,120 |
| 23 | ഭാഗ്യക്കുറി സബ് ഓഫീസ്, അടിമാലി | 17,45,43,300 |
| 24 | ഭാഗ്യക്കുറി സബ് ഓഫീസ്, കട്ടപ്പന | 16,97,25,045 |
| 25 | ഭാഗ്യക്കുറി സബ് ഓഫീസ്, മൂവാറ്റുപുഴ | 26,77,45,650 |
| 26 | ഭാഗ്യക്കുറി സബ് ഓഫീസ്, ഇരിങ്ങാലക്കുട | 39,13,33,035 |
| 27 | ഭാഗ്യക്കുറി സബ് ഓഫീസ്, ഗുരുവായൂർ | 34,68,06,555 |
| 28 | ഭാഗ്യക്കുറി സബ് ഓഫീസ്, തിരൂർ | 17,76,56,445 |
| 29 | ഭാഗ്യക്കുറി സബ് ഓഫീസ്, ചിറ്റൂർ | 39,30,30,360 |
| 30 | ഭാഗ്യക്കുറി സബ് ഓഫീസ്, പട്ടാമ്പി | 30,43,16,580 |
| 31 | ഭാഗ്യക്കുറി സബ് ഓഫീസ്, വടകര | 14,21,74,905 |

| | | |
|---|---|---|
| 32 | ഭാഗ്യക്കുറി സബ് ഓഫീസ്, താമരശ്ശേരി | 13,08,36,330 |
| 33 | ഭാഗ്യക്കുറി സബ് ഓഫീസ്, പയ്യന്നൂർ | 20,86,30,710 |
| 34 | ഭാഗ്യക്കുറി സബ് ഓഫീസ്, മാനന്തവാടി | 14,12,16,855 |
| 35 | ഭാഗ്യക്കുറി സബ് ഓഫീസ്, കാഞ്ഞങ്ങാട് | 9,67,18,050 |

സെക്ഷൻ ഓഫീസർ